# കാലം നിശ്ചലമാവുമ്പോൾ

എം. എൻ. കാരശ്ശേരി



കാലം നിശ്ചലമാവുമ്പോൾ

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Village Landscape in Morning Light, a painting by Caspar David Friedrich (1774–1840). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കാലം നിശ്ചലമാവുമ്പോൾ

"മുത്ത്യേമ്മേ,

എന്തുകൊണ്ടാണ് ഈ തല വെൺചാമരം പോലെയായത്?

കുരുമ്പുപെരുത്ത കുരിരുൾ പെണ്ണിന്റെ കണ്ണേറുതട്ടി വെളുത്തതാകണം.

ഈ വായിലെ വേലക്കാരെല്ലാം ഒന്നിച്ചു പൊയ്ക്കളയാനെന്തേ?

പറഞ്ഞാൽ കേൾക്കാത്ത അവരെയെല്ലാം ഞാൻ തച്ചുപായിച്ചു.


എന്തിനാണിങ്ങനെ കാവടിപോലെ വളഞ്ഞു നടക്കുന്നത്?

എന്റെ പൂത്താലി പണ്ടെങ്ങോ കളഞ്ഞുപോയി അതുനോക്കി നടക്കുകയാണ്.

കാണാതെ പോയ പൂത്താലിയെ കാണിക്കാനാണോ കയ്യിലെ വടി?

തെമ്മാടിച്ചെക്കാ, മിണ്ടാതെ പൊയ്ക്കോ. ഇത് കൊണ്ട് തലമണ്ടക്ക് കിട്ടിപ്പോകും."

കാലത്തിന്റെ മുന്നോട്ടുള്ള ഗതി അംഗീകരിക്കാൻ കൂട്ടാക്കാത്ത ഈ മുത്ത്യേമ്മ, പുതിയ തലമുറയുടെ ചോദ്യത്തിനു മുമ്പിൽ 'ഉത്തരം മുട്ടുമ്പോൾ' ഈറ പിടിച്ച് വടിയോങ്ങുന്നു. തനിക്ക് മുകളിൽ വടിയോങ്ങി നില്ക്കുന്ന കാലത്തെ കാണാനുള്ള മൂർച്ച ആ കണ്ണുകൾക്ക് ഇല്ലെന്നു വരുമോ?



കുഞ്ഞുണ്ണിമാഷ്

ഇത് സാധാരണരീതിക്ക് വിപരീതം തന്നെ. ചുറ്റുമുള്ള കാര്യങ്ങൾ മങ്ങിമങ്ങി വരുമ്പോഴും ആളുകളുടെ മുമ്പിൽ കാലന്റെ വടി തെളിഞ്ഞുതെളിഞ്ഞു വരികയാണ് പതിവ്. ഈ പതിവിനുനേരെ വടിയോങ്ങി നല്കുന്ന മുത്ത്യേമ്മ, കഥാപാത്രങ്ങളെ സൃഷ്ടിച്ച തീരെ പരിചയമില്ലാത്ത കുഞ്ഞുണ്ണി എന്ന കവിയുടെ സൃഷ്ടിയാകുന്നു (ഉത്തരം മുട്ടുമ്പോൾ—കളിക്കോപ്പ്).

ഈ മുത്ത്യേമ്മ കവിയുടെ യാദൃച്ഛികസൃഷ്ടികളിലൊന്നാണോ? കാലത്തെപ്പറ്റി ഈ കവി സങ്കല്പിക്കുന്നതും ഇത്തരത്തിലാണെന്നു വരുമോ?

ശൈശവത്തിൽ നിന്ന് നേരെ വാർദ്ധക്യത്തിലേക്ക് കടന്ന ആളാണ് താനെന്ന് ഈ കവി വിശ്വസിക്കുന്നു. യൗവ്വനമില്ലാതിരുന്നതുകൊണ്ടാണ് കല്യാണം കഴിക്കാഞ്ഞതെന്ന് അദ്ദേഹം പറയാറുണ്ട്. അതൊക്കെ വെറും ബഡായി അല്ലെന്ന് ആ കവിത സൂക്ഷിച്ചുവായിക്കുന്ന ആർക്കും ബോധ്യമാവും.

> "ലോകത്തിലെല്ലാവർക്കും
> പ്രായമൊപ്പമാണല്ലോ"

എന്ന കണ്ടുപിടുത്തം ഈ സങ്കല്പത്തിന്റെ സൃഷ്ടിയത്രെ.

> "ഇന്ന്, നാളെ, മറ്റന്നാൾ
> ഇന്ന്, ഇന്നലെ, മിനിഞ്ഞാന്ന്
> ഇനിയങ്ങോട്ട് രണ്ടിനും ഒരുപോലെത്തന്നെ-
> നാലാന്നാൾ, അഞ്ചാന്നാൾ,
> ആറാന്നാൾ എന്നിങ്ങനെ
> വിദൂരഭാവിയും വിദൂരഭൂതവും ഒന്നു തന്നെ."

എന്ന വരികളിലും ആവിഷ്കരിക്കപ്പെട്ടത് ഈ വീക്ഷണമാണ്.

"എ. ഡി.-ക്കുള്ളിലാണ് ബി. സി.-യുടെ കിടപ്പ്" എന്ന കുസൃതി കാലം ഊറിക്കൂടിയ ഒരു ബിന്ദു തന്നെ.

ജഗദ്സ്രഷ്ടാവിനോട് കവി പ്രാർത്ഥിക്കുന്നു:

> "എനിക്കൊരു കുപ്പായം
> തുന്നിത്തരികെൻ തുന്നക്കാരാ
> എന്നെത്തിന്നരുതക്കുപ്പായം
> ഞാനും തിന്നരുതക്കുപ്പായം
> മുന്നരുതക്കുപ്പായത്തിന്
> ഞാനിട്ടാൽ
> പിന്നെയൊരിക്കലുമൂരേണ്ടോ-
> രിടയുണ്ടായീടരുതക്കുപ്പായം"

"മുന്നും പിന്നുമില്ലാത്ത" ഈ കുപ്പായം കവിക്ക് കാലംതന്നെ.

ഈ കവിക്ക് യൗവ്വനമില്ലെന്ന് പറഞ്ഞല്ലോ. യൗവ്വനം ചലനപൂർണ്ണമാണ്. ശൈശവത്തിൽ ചില പൊട്ടിത്തെറിപ്പുകൾക്കപ്പുറം ചലനമില്ല. വാർദ്ധക്യം തീർത്തും നിശ്ചലം തന്നെ. കാലത്തെ സംബന്ധിച്ച ഈ നിശ്ചലതയാണ് കുഞ്ഞുണ്ണിയുടെ പ്രപഞ്ചത്തിൽ ഏറ്റവും പ്രസക്തമായ യാഥാർത്ഥ്യം. അദ്ദേഹത്തിന് കാലം മുന്നും പിന്നുമില്ലാത്ത നിശ്ചലമായൊരു ബിന്ദുവാണ്.

ഈ നിശ്ചലബിന്ദുവിനെ കവി 'ഞാൻ' എന്നു വിളിക്കുന്നു. "എന്നെപ്പറ്റി"യാണല്ലോ അദ്ദേഹത്തിന്റെ മിക്ക കവിതകളും.

കാലത്തിന്റെ നിശ്ചലവും അനശ്വരവുമായ ബിന്ദുവാണ് താൻ എന്നു വിചാരിക്കുന്നതുകൊണ്ടാണ് "എന്നെപ്പെറ്റതു ഞാൻ തന്നെ" എന്നദ്ദേഹം പ്രഖ്യാപിക്കുന്നത്. സ്ഥലവും കാലവും താനാണ് എന്ന് കവി സങ്കല്പിക്കുന്നു.

> "എന്നെ ഞാനെങ്ങും പറഞ്ഞയയ്ക്കേണ്ടതി-
> ല്ലെന്നിലുണ്ടെങ്ങുമെല്ലാരുമെല്ലാടവും."

"തന്നെത്തന്നെ വേളികഴിച്ച്" സുഖമായി കഴിഞ്ഞുകൂടുന്ന ഈ 'ഇത്തിരിക്കുഞ്ഞൻ' പറയുന്നതു നോക്കു:

"ആരാണപ്പോകുന്നത്, പൊക്കോട്ടെ വിളിക്കേണ്ട
ഞാനറിഞ്ഞീടു—മവനിന്നില്ലുമിഞ്ഞാൻ തന്നെ"

ഈ 'അഹംഭാവം' ലൗകികചിത്തത്തിന്റെ അഹങ്കാരവുമായി ബന്ധമുള്ളതല്ല. തന്നിൽ നിന്ന് അന്യമായി യാതൊന്നുമില്ലെന്നും 'അവനും ഞാനുമടങ്ങുന്ന ബ്രഹ്മമാണ് ഞാൻ' എന്നും അറിയുന്ന ദർശനത്തിന്റെ ഭാവമാണത്.

ഈ കവി പ്രപഞ്ചത്തിൽ തന്നെയന്വേഷിച്ച് അലയുന്നവനല്ല; തന്നിൽത്തന്നെ പ്രപഞ്ചത്തെക്കണ്ട് അദ്ഭുതപ്പെടുന്നവനാണ്. "മരത്തിലെ വനം" എന്ന് സ്വന്തം മനസ്സിനെ അദ്ദേഹം വിശേഷിപ്പിക്കുന്നതും അതുകൊണ്ടുതന്നെ.

പ്രപഞ്ചത്തെ ആദ്ധ്യാത്മികതലത്തിൽ നിന്നാണ് അദ്ദേഹം നോക്കിക്കാണുന്നത്. ഒന്നിനോടും ഒട്ടിനില്ക്കാൻ കൂട്ടാക്കാത്ത ആ മനസ്സ് എല്ലാ അർത്ഥത്തിലും ഒറ്റയ്ക്കാണ്.

കേരളത്തിൽ ഒരു കവിക്ക് കണ്ണുനിറച്ചുകാണാൻ എന്തൊക്കെയില്ല. പ്രകൃതിഭംഗി, കലാരൂപങ്ങൾ, സാംസ്കാരികപൈതൃകം, സമകാലിക ജീവിതത്തിന്റെ പ്രശ്നസങ്കീർണ്ണതകൾ, സ്ത്രൈണസൗന്ദര്യം—ഇവയൊന്നും ഈ കവി കണ്ടിട്ടില്ല. കാരണം സ്പഷ്ടമാണ്: കവി നോക്കുമ്പോലെ, രണ്ടു കണ്ണും തുറന്നു നോക്കുന്ന പ്രകൃതമല്ല അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ മുഖത്ത് ഒരു കണ്ണേയുള്ളൂ. ആ കണ്ണ് ദാർശനികന്റേതാണ്:

> "ആകാശത്തി-
> ന്നായിരം കണ്ണ് പുറത്ത്
> ആഴിക്കായിരം കണ്ണുണ്ടകത്ത്
> ഊഴിക്കായിരമായിരം കണ്ണു-
> ണ്ടകത്തും പുറത്തും
> ആകാശത്തിലു-
> മാഴിയിലൂഴിയിലെല്ലാമുള്ളവ-
> നെങ്കിലും ഞാനൊറ്റക്കണ്ണൻ."

തന്റെ ഒരു കവിതസമാഹാരത്തിന്റെ പുറന്താളിൽ അദ്ദേഹം വരച്ചുചേർത്ത ഒറ്റക്കണ്ണുള്ള കൊച്ചുമനുഷ്യന്റെ ചിത്രം ആത്മചിത്രം തന്നെയായിരിക്കണം.

ജീവിതത്തിൽ കൂട്ട് ആവശ്യമില്ലെന്നു നിശ്ചയിച്ച ഈ കവിയുടെ ഏകമുഖത്തിനു തന്റെ ഏകാന്തതകൂടി കാരണമാണെന്നു വരുമോ? 'പെണ്ണര' കണ്ടിട്ടില്ലാത്തതിനാലാണോ താനൊരു 'കാക്കവി'യായത് എന്ന അദ്ദേഹത്തിന്റെ ചോദ്യം ഈ അതിരോളം മുഴങ്ങുന്നില്ലേ?

ഇതാണ് കുഞ്ഞുണ്ണിയുടെ ലോകം: അതിൽ കാലം നിശ്ചലമാണ്. സ്ഥലവും കാലവും മനുഷ്യനും ഒന്നുതന്നെയാണ്. അവിടെ കാര്യങ്ങൾക്കും കാരണങ്ങൾക്കും തമ്മിൽ 'സംബന്ധ'മില്ല. ആ ലോകത്ത് 'സംബന്ധത്തെ'പ്പറ്റി ആലോചിക്കാനേ വയ്യ. എല്ലാം അസംബന്ധം തന്നെ:

> "പപ്പടം വട്ടത്തിലാവുക കൊണ്ടാവാം
> പയ്യിന്റെ പാലു വെളുത്തതായി
> പയ്യിന്റെ പാലു വെളുത്തതുകൊണ്ടാവാം
> പാക്കലം മണ്ണുകൊണ്ടുണ്ടാക്കുന്നു
> പാക്കലം മണ്ണുകൊണ്ടാവുകകൊണ്ടാവാം
> പാപ്പുവിൻ പീപ്പിക്ക് പെപ്പരപ്പേ"

ഈ അസംബന്ധലോകത്ത് നിന്ന് ബാഹ്യപ്രപഞ്ചത്തിലേക്കു നോക്കുന്ന കവിക്ക് എല്ലാം നോൺസെൻസായി തോന്നുകയാണ്: ബാഹ്യപ്രപഞ്ചത്തിൽ കാലം ദ്രുതഗതിയിൽ മുന്നേറുന്നു; സംഭവങ്ങൾക്ക് കാര്യകാരണബന്ധമുണ്ട്; രണ്ട് കണ്ണും നിരവധി മുഖങ്ങളുമുള്ള മനുഷ്യരുണ്ട്... ഇതിന്റെയൊന്നും അർത്ഥം തിരിയാത്ത ഒരസംബന്ധലോകത്തിന്റെ വൃത്തത്തിലാണ് ഈ കവി.

കുട്ടികൾക്ക് കാലബോധമില്ല; ഋഷികൾക്ക് കാലഭീതിയില്ലാത്തതുകൊണ്ട് അതേപ്പറ്റി ചിന്തയില്ല. ഈ രണ്ടറ്റങ്ങളേയും സ്വന്തം വ്യക്തിത്വത്തിൽ സമന്വയിപ്പിച്ച കവിയുടെ വരികളിൽ കുസൃതിയും ദർശനവും ഒത്തുചേരുന്നു. അദ്ദേഹത്തിന്റെ കാവ്യഭാഷ ഏറ്റവുമധികം കടപ്പെട്ടിരിക്കുന്നത് കടംകഥകളോടും പഴമൊഴികളോടുമാണ്: അവയ്ക്കും കാലമില്ല. "കാലം കുറുക്കിയെടുപ്പതല്ലോ കല" എന്ന് നിർവചിച്ചതും ഈ കവിയാണല്ലോ. കുഞ്ഞുണ്ണിമാസ്റ്റർ ജീവിതത്തിലൊരിക്കൽ പോലും വാച്ച് കെട്ടിയിട്ടില്ല എന്ന യാഥാർത്ഥ്യം ഈ നിരീക്ഷണത്തിനു കൗതുകപൂർവ്വം അടിവരയിടുന്നുണ്ട്.

കൈശോരപ്രകൃതിയിലൂടെയും ഋഷിത്വത്തിലൂടെയും കാലത്തെ സംബന്ധിച്ച ഈ നിശ്ചലത്വത്തിലൂടെയും കുഞ്ഞുണ്ണിക്കവിത വെളിപ്പെടുത്തുന്ന മാർക്കണ്ഡേയഭാവം വിരൽചൂണ്ടുന്നത് അതിന്റെ ചിരംജീവിത്വത്തിലേക്ക് തന്നെയാണ് എന്ന് ഞാൻ വിചാരിക്കുന്നു.

□

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്‌യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014